വെള്ളപ്പൊക്കനിവാരണ ശ്രമങ്ങൾ

* 895. [8] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കനിവാരണശ്രമങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും എന്തെല്ലാം;

(ഡി) കൊടുങ്ങല്ലൂർ അഴിമുതൽ തെക്കോട്ടും കിഴക്കോട്ടും ഉള്ള കായൽ പ്രദേശം കൂടുതൽ താഴ്ത്തി ഇപ്പോഴുള്ള മണ്ണ് എടുത്തു മാറ്റുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഒരു എക്സിക്യൂട്ടീവ് എൻജിനീയരുടെ കീഴിൽ സ്പെഷ്യൽ ഡിവിഷൻ നിയമിച്ചിരുന്നു.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിൽ പല നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ പ്രധാനമായവ ജലസംഭരണത്തിനുള്ള ജലാശയങ്ങൾ നിർമ്മിക്കുക, നദികളുടെ കരകളിൽ താഴ്ന്ന പ്രദേശങ്ങളിൽ വരമ്പുണ്ടാക്കുക, പുലിമുട്ടുകൾ കെട്ടുക, നികന്നുപോയ പ്രദേശങ്ങളിൽ നദികളിലെ ആഴവും വീതിയും വർദ്ധിപ്പിക്കുക എന്നിവയാണ്.

(ഡി) പള്ളിപ്പുറം മുതൽ വടക്കു അഴിക്കോട്ട വരെയുള്ള ബോട്ടുപാത ആഴംകൂട്ടുന്നതിനു ഉദ്ദേശമുണ്ട്. അതിനുള്ള എസ്റ്റിമേറ്റ് ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ആ റിപ്പോർട്ടിൽ കുട്ടനാടൻ പ്രദേശത്തെ വെള്ളപ്പൊക്കനിവാരണത്തെപ്പറ്റി ഒരു പ്രത്യേകമായ വ്യവസ്ഥയുണ്ടോ ? ഉണ്ടെങ്കിൽ അതു ഉടനെ തന്നെ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : മീനച്ചൽ, മണിമല, പമ്പാ, അച്ചൻകോവിൽ എന്നീ നദികളുടെ തടങ്ങളിൽ ഫ്ളഡ് കൺട്രോളിനാവശ്യമായ നടപടികളും എന്തൊക്കെ സ്വീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഏകദേശം 280 ലക്ഷം രൂപയോളം ചെലവു വരുന്ന പദ്ധതിയുടെ ഔട്ടലൈൻ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ പ്ലാൻ ഇപ്പോൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദുൽഖാദർ: ഈ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിന്റെ കാപ്പി മെമ്പറന്മാർക്കു വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ കാര്യം ഞാൻ നേരത്തേ പറഞ്ഞിട്ടുള്ളതാണ്, ഇതു അച്ചടിച്ചുകൊണ്ടിരിക്കുകയാണ്, അച്ചടിച്ചുകഴിഞ്ഞാലുടൻ വിതരണം ചെയ്യുന്നതായിരിക്കും.

ശ്രീ. പി. ആർ. ഫ്രാൻസിസ്: കടമംഗലത്തു കട്ട എന്നു പറയുന്ന ഒരു സ്ഥലം ഉണ്ട്. അതിന്റെ പ്രവർത്തനംകൊണ്ട് അവിടെ വെള്ളപ്പൊക്കം തടയുവാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി റിപ്പോർട്ടിൽ വല്ലതും പറഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ആ കാര്യത്തെപ്പറ്റി റിപ്പോർട്ടിൽ പരാമർശമുണ്ടോ എന്നുള്ളതു പരിശോധിക്കാം.

ശ്രീ. കെ. സി. ഏബ്രഹാം : കൊടുങ്ങല്ലൂർ അഴിയിലെ മണൽക്കട്ട നീക്കി അവിടെ ഫെറിബോട്ട് ഉപയോഗപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: അതു ഞാനിവിടെ പറഞ്ഞതാണ്. അതിനുവേണ്ട നടപടികളും എടുക്കാൻ ഉദ്ദേശമുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: പൊന്നാനിതാലൂക്കിലെ കനോലി കനാലിനു വീതി വർദ്ധിപ്പിക്കുകയും വി. എം. കായലിൽനിന്നും വെള്ളം കടലിലേക്ക് ഒഴുകത്തക്കവിധത്തിലുള്ള ഔട്ട്ലെറ്റ് ഉണ്ടാക്കുന്നതിനുമുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. ആ നിർദ്ദേശം ഗവണ്മെൻറിന്റെ മുൻപിലുണ്ടോ?

ശ്രീ. പി. പി ഉമ്മർകോയ: ഇതൊരു വലിയ റിപ്പോർട്ടാണ്. ഇതിൽ 41 നദീതടങ്ങൾക്കാവശ്യമായ നടപടികളും എടുക്കുന്നതിനെ സംബന്ധിച്ചുള്ള റെക്കമെൻഡേഷൻസുണ്ട്. അതു പരിഗോധിക്കാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ റിപ്പോർട്ട് കേരളത്തെ മുഴുവൻ ബാധിക്കുന്ന രീതിയിലാണോ, അതോ ഏതെങ്കിലും സ്ഥലത്തെ മാത്രം കാൺസൻറേറ്റു ചെയ്തുകൊണ്ടുള്ള റിപ്പോർട്ടാണോ? ഭാരതപ്പുഴയിൽ ആണ്ടുതോറും ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിനു വല്ല സ്കീമും ഈ റിപ്പോർട്ടിലുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: കേരളത്തിനു മുഴുവൻ ബാധകമാകുന്ന നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലുള്ളതു്. കേരളത്തിലെ 41 നദീതടങ്ങൾക്കും ആവശ്യമായ ഫ്ളഡ് കൺട്രോളും വർക്കുകളും എടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു്. 23 കോടി രൂപയോളം മൊത്തം ചെലവുവരും. അത്രയും ബൃഹത്തായ ഒരു പദ്ധതിയാണ് ഇതു്.

ശ്രീ. എൻ. ഈ. ബലറാം: കൊടുങ്ങല്ലൂർ അഴിയുടെ സ്കീമിനു് എസ്റ്റിമേറ്റു തയ്യാറായി എന്നുപറഞ്ഞു. ഈ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള എല്ലാ പദ്ധതികൾക്കും എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടുണ്ടോ? അതോ ഈ ഒരൊറ്റ സ്കീമിനുമാത്രമേ എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടുള്ളുവോ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ പദ്ധതിയിൽ പറഞ്ഞിട്ടുള്ള കാര്യമല്ല ശ്രീ. പി. കെ. അബ്ദുൽ ഖാദർ ചോദിച്ചതു്. പ്രത്യേകമായിട്ടുള്ള ഒരു വർക്കിനെ സംബന്ധിച്ചാണ് ചോദിച്ചതു്. അതിനുള്ള എസ്റ്റിമേറ്റു് ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു എന്നാണ് പറഞ്ഞതു്. ഒരു ലാംഗ്രേഞ്ചു് പ്ലാൻ തയ്യാറാക്കി അതു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അതിൽ പല നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നുണ്ട്. മുഴുവനും എങ്ങനെ നടപ്പിൽ വരുത്താൻ സാധിക്കുമെന്നുള്ളകാര്യം ആലോചിക്കേണ്ടതായിട്ടുണ്ട്. ഇന്നു 3–ാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല വർക്കുകളും സാമ്പത്തികസ്ഥിതി അനുസരിച്ചു് പ്രാവർത്തികമാക്കികൊണ്ടിരിക്കുകയാണ്.

Mr. Speaker: Question No. 9. A Similar question has already been answered.

പഞ്ചസാരക്ഷാമം.

* 896 [10] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതു ആഘോഷകാലങ്ങളിൽ പഞ്ചസാരക്ഷാമം അനുഭവപ്പെടുന്നതു് ഒഴിവാക്കുവാൻ നടപടി എടുക്കുമോ;

(ബി) പൊതു ആഘോഷങ്ങൾക്കുവേണ്ടി പഞ്ചസാര സ്പെഷ്യൽ അലോട്ടുമെൻറു് ആവശ്യപ്പെടാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly